**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3747** **15-07-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായിട്ടുണ്ടോ; പദ്ധതിക്കായി ചെലവഴിക്കുന്ന തുക എത്രയാണ്; | (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായി വരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 1548.08 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതുവരെ 417 കോടി രൂപയോളം പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര കുടുംബങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം സൗജന്യമായി ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; മറ്റുള്ളവർക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ പരിപാടിയുണ്ടോ; | (ബി) | കെ-ഫോൺ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കുത്തക ഇന്റർനെറ്റ് സേവന ദാതാക്കളുടെ ചൂഷണം അസാധ്യമാക്കുന്നതിനായി കെ-ഫോൺ സേവന ദാതാവായി വർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര ടെലികോം ഏജൻസിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കെ-ഫോൺ സേവനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച 'കെ-ഫോൺ ലിമിറ്റഡ്" എന്ന കമ്പനിയ്ക്ക് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽ നിന്നും ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി) ലൈസൻസ് ലഭ്യമായിട്ടുണ്ട്. കൂടാതെ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി) ലൈസൻസ് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ